"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാരം- സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതി- ഫോക്കസ് ഗ്രൂപ്പ്- രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.664/2024/TSM    തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-
1. 05.09.2012 ലെ സ.ഉ.(സാധാ) നം.7415/2012/TSM
2. 01.03.2016 ലെ സ.ഉ.(സാധാ) നം./118/2016/TSM
3. 11.04.2018-ലെ സ.ഉ(സാധാ) നം 182/2018/TSM
4 28.04.2018 ലെ സ.ഉ(സാധാ) നം 199/2018/TSM
5 14.02.2022 ലെ സ.ഉ(സാധാ) നം 36/2022/TSM
6 10.08.2024 ലെ സ.ഉ(സാധാ) നം 391/2024/TSM
7 26.10.2024 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/3725/2024-M4 നം കത്ത്

**ഉത്തരവ്**

വിനോദ സഞ്ചാര മേഖലയുടെ വിപണനതന്ത്രങ്ങൾ, വിപണന മേഖലകൾ, ഗവേഷണസാധ്യതകൾ എന്നിവ ലക്ഷ്യമിട്ട് വകുപ്പിന് ഉപദേശങ്ങൾ നൽകുന്നതിനായി 103 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതി രൂപീകരിച്ച് പരാമർശം (1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം(2) പ്രകാരം ഫോക്കസ് ഗ്രൂപ്പ് ഓൺ മാർക്കറ്റിംഗ് രൂപീകരിച്ചും, പരാമർശം(2),(3),(4) പ്രകാരം സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതി പുനസംഘടിപ്പിച്ചും ഉത്തരവായിരുന്നു.പരാമർശം(5)പ്രകാരം വിവിധ മേഖലകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയും പ്രസ്തുത ഉപദേശക സമിതിയുടെ കാലാവധി 3 വർഷമായി നിശ്ചയിച്ചുകൊണ്ടും, സമിതി പുനസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം(6) പ്രകാരം രണ്ട് വ്യക്തികളെ കൂടി ഉൾ പ്പെടുത്തി സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതി വീണ്ടും, പുനസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നു.

2. സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതിയുമായി ബന്ധപ്പെട്ട് ഒരു ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് പരാമർശം (7) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടൂറിസം മേഖലയിലെ വിവിധ പ്രചരണ വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും മറ്റ് അഭിപ്രായ നിർദ്ദേശങ്ങൾ

സ്വരൂപിക്കുന്നതിനുമായി, ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് , സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതിയുമായി ബന്ധപ്പെട്ട്, ഫോക്കസ് ഗ്രൂപ്പ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവക്കുന്നു:

**1. സെക്രട്ടറി,വിനോദസഞ്ചാര വകുപ്പ്**

**2.ഡയറക്ടർ ,വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റ്**

**3.അഡീഷണൽ ഡയറക്ടർ (ജനറൽ) വിനോദസഞ്ചാര ഡയറക്ടറേറ്റ്**

**4.അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്**

**5. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്(KTIL)**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ ,വിനോദസഞ്ചാര ഡയറക്ടറേറ്റ്,പാർക്ക് വ്യൂ,തിരുവനന്തപുരം-695033

സ്റ്റേറ്റ് ടൂറിസം ഉപദേശക സമിതിയുടെ എല്ലാ അംഗങ്ങൾക്കും(വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് I & II), കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 19-11-2024 10:58:31

സെക്ഷൻ ഓഫീസർ

പകർപ്പ്

1.ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്